'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സൈമൺ വർഗ്ഗീസിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1949/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/09/2019

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 04.09.2014-ലെ ഇ5(എസ്.സി.45/2014/കെടിഎം)19325/2014നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 30.10.2014-ലെ 11843/ഡി1/2014/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 24.02.2015-ലെ 81310/ഇപിബി2/2014/തസ്വഭവ നമ്പർ കുറ്റപത്രം

4 സർക്കാരിന്റെ 28.09.2017-ലെ 81310/ഇപിബി2/2014/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. സൈമൺ വർഗ്ഗീസ് സമർപ്പിച്ച 07.12.2017-ലെ പ്രതിവാദ പത്രിക

6 പഞ്ചായത്ത് ഡയറക്ടറുടെ 07.03.2018-ലെ ഡി5-9911/15നമ്പർ കത്ത്

7 കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22.01.2019-ലെ എവിഎസ്-7008/15 നമ്പർ കത്ത്

## ഉത്തരവ്

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിനും കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിലും അഴിമതി നടക്കുന്നു എന്നുള്ള ആരോപണങ്ങളിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ അയ്മനം ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രമക്കേടുകൾക്കുത്തരവാദിയായ അയ്മനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സൈമൺ വർഗ്ഗീസിനെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചുവരവേ ശ്രീ. സൈമൺ വർഗ്ഗീസ് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ശ്രീ. സൈമൺ വർഗ്ഗീസിനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ. സൈമൺ വർഗ്ഗീസിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് വരുത്താനുള്ള താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. സൈമൺ വർഗ്ഗീസ് പരാമർശം (5) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. സൈമൺ വർഗ്ഗീസ് 23.03.2013 മുതൽ 16.06.2014 വരെയാണ് കോട്ടയം അയ്മനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചതെന്നും വിജിലൻസ് പരിശോധനയിൽ തീർ പ്പാക്കാത്ത 2 5 കെട്ടിട നിർമ്മാണ അപേക്ഷകൾ ഉണ്ടായിരുന്നത്, എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ടി കെട്ടിട നിർമ്മാണ പെർമിറ്റുകൾക്കുള്ള അപേക്ഷകൾ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതുണ്ടായിരുന്നുവെന്നും അവരുടെ പരിശോധനയിൽ അപേക്ഷകൾ പലതും പെർമിറ്റുകൾ നൽകാൻ കഴിയാത്തവിധം ഒട്ടേറെ ന്യൂനതകൾ പ്രത്യേകിച്ചും, ഐ.എ.വൈ. പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാത്തതും, ഗുണഭോക്ത തെരഞ്ഞെടുപ്പിൽ ഉൾപ്പെടാത്തതും, നിലം നികത്ത് ഉൾപ്പെടുന്നതും ആയിരുന്നുവെന്നും മനഃപൂർവ്വം അപേക്ഷകൾ തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടില്ലായെന്നും കാലതാമസം വന്ന കാര്യത്തിൽ തന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച മാപ്പാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. എ1.1440/14 ഫയലിൽപ്പെടുന്നത് തിരുവനന്തപുരം കിംസ് ആശുപത്രിയുടെ ഉടമസ്ഥതയിലുള്ള 7 നിലകളിലുള്ള ഒരു ആശുപത്രികെട്ടിടമാണെന്നും (കോട്ടയം കിംസ് ആശുപത്രി) 15.11.2003-ൽ എൻ.ഒ.സി. നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒരു സ്വകാര്യവ്യക്തി പണി ആരംഭിച്ച് ഈ കെട്ടിടത്തിന് പണികൾ പൂർത്തിയാകാതെ വന്നതിനേത്തുടർന്ന് 13.04.2009-ൽ അന്നത്തെ സെക്രട്ടറി എൻ.ഒ.സി പുതുക്കി നൽകിയിരുന്നുവെന്നും പണികൾ പൂർത്തിയാക്കാൻ കഴിയാതെ വന്നതിനെത്തുടർന്ന് കിംസ് ആശുപത്രി അധികാരികൾ ഏറ്റെടുക്കുകയായിരുന്നുവെന്നും തുടർന്ന് നമ്പറിങ്ങിനായി സമർപ്പിച്ച അപേക്ഷയിൽ എൻ.ഒ.സി.യും മുൻ സെക്രട്ടറി അംഗീകരിച്ച നൽകിയ സ്കെച്ചും പ്ലാനും ആധാരത്തിന്റെ പകർപ്പ്, കംപ്ലീഷൻ പ്ലാനും, സാക്ഷ്യപത്രവും തുടങ്ങി എല്ലാ രേഖകളും ഉണ്ടായിരുന്നുവെന്നും, പണികൾ പൂർത്തിയാക്കി ആശുപത്രി പ്രവർത്തനം ആരംഭിക്കാൻ കഴിയുംവിധം ആവശ്യമായ അടിയന്തിര നടപടികൾ ആരംഭിക്കണമെന്ന് പഞ്ചായത്ത് പ്രസിഡന്റും, മറ്റ് അംഗങ്ങളും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും, ജില്ലയിലെ സാമൂഹ്യ-രാഷ്ട്രീയ നേതാക്കളുടെ അഭ്യർത്ഥനയും മാനിച്ചാണ് നടപടികൾ സ്വീകരിച്ചതെന്നും പ്രത്യേകിച്ചും ഒരു ജീവകാരുണ്യ പ്രവർത്തനത്തിന് ഉതകുന്ന ഒരു വലിയ ആശുപത്രി പഞ്ചായത്തിൽ പ്രവർത്തിച്ച് കാണുന്നതിനുള്ള മുഴുവൻ ജനങ്ങളുടെ ആഗ്രഹവുമാണ് കെട്ടിടത്തിന് നമ്പർ നൽകാൻ പ്രേരിപ്പിച്ചത് എന്നും അറിയിച്ചിട്ടുണ്ട്. രജിസ്റ്ററുകളും ഫയലുകളും സെക്ഷൻ ക്ലാർക്കിന്റെ സൂക്ഷിപ്പിലും സൂപ്പർവൈസറി സ്റ്റാഫിന്റെ മേൽനോട്ടത്തിലുമാണ് സൂക്ഷിക്കുന്നതെന്നും രജിസ്റ്റർ നഷ്ടപ്പെട്ടുവെന്ന് അവർ എഴുതി നൽകാതെ സെക്രട്ടറിക്ക് പോലീസിൽ അറിയിക്കുവാൻ ആകുമായിരുന്നില്ലെന്നും ജീവനക്കാർ പഴയ ഓഫീസ് കെട്ടിടത്തിൽ നിന്ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി താല്ക്കാലികമായി പഞ്ചായത്ത് ഹാളിലേയ്ക്ക് മാറിയതിനാൽ രജിസ്റ്റർ ഏതോ അലമാരയിലുണ്ട് എന്നാണ് പറഞ്ഞുവിശ്വസിപ്പിച്ചിരുന്നത് എന്നും ആയതിനാലാണ് പോലീസിൽ റിപ്പോർട്ട് ചെയ്യാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. ആശുപത്രിയോട് അനുബന്ധിച്ച് പണിത മറ്റൊരു കെട്ടിടമാണ് A2-2663/14 ഫയലിലുള്ള കെട്ടിടമെന്നും ഇതിന്റെ വിസ്തീർണ്ണം 286 ച.മീറ്റർ ആയിരുന്നുവെന്നും എന്നാൽ അതിൽ 2 7 6 ച. മീറ്ററിനു മാത്രമേ നികുതിയും ഫീസും വാങ്ങിയിരുന്നുള്ളൂവെന്നും അളവ് രേഖപ്പെടുത്തിയതിൽ വന്ന പിശക് മൂലമാണ് ഇത് സംഭവിച്ചതെന്നും പിന്നീട് 10 മീറ്ററിന്റെ വ്യത്യാസം പരിഹരിച്ച് ആയതിന്റെ ഫീസും നികുതിയായി ഈടാക്കിയിട്ടുണ്ടെന്നും തന്റെ ഭാഗത്തുണ്ടായ വീഴ്ച അല്ലെങ്കിൽപ്പോലും ഈ അപാകതയും മാപ്പാക്കണമെന്ന് ശ്രീ. സൈമൺ വർഗ്ഗീസ് അപേക്ഷിച്ചിട്ടുണ്ട്. തന്റെ ഈ പ്രവൃത്തി മൂലം പഞ്ചായത്തിന് ഒരു നഷ്ടവും ഉണ്ടായിട്ടില്ലെന്നും ഇപ്പോൾ ഓരോ വർഷവും വസ്തു നികുതിയിനത്തിലും തൊഴിൽ നികുതിയിനത്തിലും 2 ലക്ഷം രൂപയോളം വരുമാനം ലഭിക്കുന്നുണ്ടെന്നും ശ്രീ. സൈമൺ വർഗ്ഗീസ് ബോധിപ്പിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ പെർമിറ്റ് അപേക്ഷയിൽ കാലതാമസം ഉണ്ടായതു സംബന്ധിച്ചുള്ള ടിയാന്റെ വാദം അനുഭാവപൂർവ്വം പരിഗണിക്കാമെന്നും എന്നാൽ രജിസ്റ്റർ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് പോലീസിൽ റിപ്പോർട്ട് ചെയ്യാത്തത് സംബന്ധിച്ച് ശ്രീ. സൈമൺ വർഗ്ഗീസ് സമർപ്പിച്ച മറുപടി തൃപ്തികരമായി കാണുന്നില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് ശ്രീ. സൈമൺ വർഗ്ഗീസ് സമർപ്പിച്ച പ്രതിവാദ പത്രികയിൽ ടിയാനെ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ

അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. സൈമൺ വർഗ്ഗീസിനെ നേരിൽ കേട്ടു. നേരിൽ കേട്ട വേളയിലും ശ്രീ. സൈമൺ വർഗ്ഗീസ് പ്രതിവാദ പത്രികയിൽ ഉന്നയിച്ച കാര്യങ്ങൾ തന്നെയാണ് ബോധിപ്പിച്ചിട്ടുള്ളത്. തുടർന്ന് വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയതായി ടി റിപ്പോർട്ടിൽ പരാമർശിക്കുന്ന ക്രമക്കേടുകൾ പരിഹരിച്ചിട്ടുണ്ടോയെന്നതിന്മേൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടതിൽ നിന്നും ഫയൽ നം.എ1-1440 അപേക്ഷ പ്രകാരം ബിൽഡിംഗ് നമ്പർ അസ്സസ് ചെയ്ത കെട്ടിടത്തിന് ക്രമവൽക്കരണ ഫീസ് അടവാക്കിയിട്ടുണ്ടെന്നും, ബിൽഡിംഗ് ടാക്സ് അസസ് ചെയ്തപ്പോൾ തറ വിസ്തീർണ്ണം കണക്കാക്കിയതിലെ കുറവ് റി-അസസ് ചെയ്ത് കെട്ടിട നികുതി ക്രമവൽക്കരിച്ചിട്ടുണ്ടെന്നും പരാമർശം (7) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെർമിറ്റ് അപേക്ഷയിൽ കാലതാമസം ഉണ്ടായതു സംബന്ധിച്ചുള്ള ശ്രീ. സൈമൺ വർഗ്ഗീസിന്റെ വാദം അനുഭാവപൂർവ്വം പരിഗണിക്കണമെന്നും എന്നാൽ രജിസ്റ്റർ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് പോലീസിൽ റിപ്പോർട്ട് ചെയ്യാത്തത് സംബന്ധിച്ച് ശ്രീ. സൈമൺ വർഗ്ഗീസ് സമർപ്പിച്ച മറുപടി തൃപ്തികരമായി കാണുന്നില്ലെന്നും കൂടാതെ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ പരിഹരിച്ചിട്ടുള്ളതായി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ശ്രീ. സൈമൺ വർഗ്ഗീസിന്റെ പ്രവൃത്തിമൂലം സർക്കാരിനോ പഞ്ചായത്തിനോ ഒരു വിധത്തിലുള്ള സാമ്പത്തിക നഷ്ടവും സംഭവിച്ചിട്ടില്ലെന്നും മാത്രവുമല്ല, മേൽ ആശുപത്രി കെട്ടിടത്തിന്റെ പ്രവർത്തനം മൂലം പഞ്ചായത്തിന്റെ വരുമാന സ്രോതസ്സ് ഉയരുന്നതിനും കാരണമായിട്ടുണ്ടെന്നുമുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ അയ്മനം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. സൈമൺ വർഗ്ഗീസിന്റെ ഭാഗത്തുനിന്നുണ്ടായ മനഃപൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കി ശ്രീ. സൈമൺ വർഗ്ഗീസിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ. സൈമൺ വർഗ്ഗീസ്, മുൻ സെക്രട്ടറി, അയ്മനം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം:ഡി3/164/2019/വിജി. തീയതി 30.05.2019 പ്രകാരം)

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/91/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ